"ഭരണഭാഷ - മാതൃഭാഷ"
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ളിക് റിലേഷൻസ് വകുപ്പ് - കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച ഡോക്യുമെന്ററി പരമ്പര 'സ്പന്ദനം' വ്യത്യസ്ത ചാനലുകളിൽ തുടർ സംപ്രേഷണം നടത്തുന്നത് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം. 374/2020(പി.ആർ/എം.സി-2/സ്പന്ദനം സീരീസ്-II/2020-21)**
**തിരുവനന്തപുരം, തീയതി 02/06/2020**

---

പരാമർശം : 1) ബോ.ഉ.(എഫ്.റ്റി.ഡി) നം.1031/2017(പി.ആർ/എം.സി-2/സ്പന്ദനം സീരീസ് 2017) തിരുവനന്തപുരം തീയതി 21.04.2017.
2) 20.05.2020-ന് ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ എൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ്.
(അജൻഡ നമ്പർ 48/5/20).

**ഉത്തരവ്**

പരാമർശം (1) ബോർഡുത്തരവ് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ബന്ധപ്പെട്ട് കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ കൂട്ടിയിണക്കി ദൂരദർശനിൽ 'സ്പന്ദനം' എന്ന പേരിൽ ഒരു പ്രതിവാര പരിപാടി 208 എപ്പിസോഡുകളായി സംപ്രേഷണം നടത്തിയിരുന്നു. ടി സംപ്രേഷണം ദൂരദർശനിൽ ഡിസംബർ മാസത്തോടെ കഴിയുകയുണ്ടായി.

കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം വലിയ തോതിൽ വിപുലീകരിക്കാനും അതുവഴി പൊതുജനങ്ങൾക്ക് വിവിധ തരത്തിലുള്ള സേവനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനും സാധിച്ചുവരികയാണ്. വലിയ തോതിലുള്ള വികസന പ്രവർത്തനങ്ങളാണ് കെ.എസ്.ഇ.ബി.യിൽ ഇപ്പോൾ നടന്നു വരുന്നത്. ഇതേക്കുറിച്ച് വ്യാപക ബോധവൽക്കരണം അനിവാര്യമായിരിക്കുകയാണ്. പൊതു സമൂഹത്തിന്റെ പിന്തുണയ്ക്കും സഹകരണത്തിനും ഇത് അത്യാവശ്യവുമാണ്. ഇതിനുപുറമെ നമ്മുടെ ജീവനക്കാർക്ക് പുത്തൻ ഉണർവ്വ് പകരാനും അവരെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ നല്ല പ്രതിച്ഛായ സൃഷ്ടിക്കാനും ഇതിന് കഴിയും. ആയതിനാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ, ഓൺലൈൻ പേയ്മെന്റ് പോലുള്ള കാര്യങ്ങൾ, ട്രാൻസ്ഗ്രിഡ് തുടങ്ങി ആധുനിക സംവിധാനങ്ങൾ, വൈദ്യുതി സുരക്ഷ, ഊർജ്ജ സംരക്ഷണം, കെ.എസ്.ഇ.ബി. വൈദ്യുതി ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് എത്തിക്കുന്ന

വിവിധ ഘട്ടങ്ങൾ തുടങ്ങി കാലിക പ്രാധാന്യമുള്ള നിരവധി വിഷയങ്ങൾ കൂട്ടിയിണക്കി മലയാളത്തിലെ മൂന്നോ നാലോ പ്രമുഖ ടെലിവിഷൻ ചാനലുകളിൽ (കൂടുതൽ പ്രേക്ഷകരുള്ള ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, കൈരളി ചാനൽ, 24 ന്യൂസ്) മാസത്തിലൊന്ന് എന്ന ക്രമത്തിൽ മാറിമാറി സംപ്രേഷണം നടത്താവുന്നതാണ്.

മേൽ പരാമർശിച്ച ചാനലുകളുടെ 20-25 മിനുറ്റിന്റെ സ്ലോട്ടുകൾ എടുത്ത് കെ.എസ്.ഇ.ബി.എൽ.ന്റെ പരിപാടികൾ സംപ്രേഷണം നടത്തുന്നതിനുള്ള ടെലികാസ്റ്റ് ഫീസ് താഴെ കൊടുക്കുന്നു.

| നം. | ചാനൽ | ടെലികാസ്റ്റ് ഫീസ് (രൂപ) | 10 എണ്ണത്തിന് (രൂപ) |
|---|---|---|---|
| 1 | ഏഷ്യാനെറ്റ് ന്യൂസ് | 1,25,000/- | 12,50,000/- |
| 2 | മാതൃഭൂമി ന്യൂസ് | 1,75,000/- | 17,50,000/- |
| 3 | കൈരളി ചാനൽ | 25,000/- | 2,50,000/- |
| 4 | 24 ന്യൂസ് | 1,00,000/- | 10,00,000/- |
| ആകെ | | | **42,50,000/- + ജി.എസ്.ടി** |

ഏറ്റവും കൂടുതൽ പേർ കാണുന്ന ന്യൂസ് ചാനലുകൾ എന്ന നിലയ്ക്കാണ് ചാനലുകൾ തെരഞ്ഞെടുത്തത് (Annx. A). ഇപ്രകാരം തെരഞ്ഞെടുത്തതിന് പുറമെയുള്ള ന്യൂസ് ചാനലുകളായ മനോരമ ന്യൂസ്, ന്യൂസ് 18 കേരള എന്നീ ചാനലുകളിൽ പുറത്തുനിന്നുള്ള സ്പോൺസേർഡ് പരിപാടികൾ സംപ്രേഷണം ചെയ്യില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാലാണ് മേൽ പരാമർശിച്ച രീതിയിൽ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്.

'സ്പന്ദനം' പരിപാടി കെ.എസ്.ഇ.ബി.എൽ.നെ സംബന്ധിച്ചിടത്തോളം ഒരു ഡോക്യുമെന്റേഷൻ മെറ്റീരിയൽ കൂടിയാണ്. കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങളും പരിപാടികളും ഡോക്യുമെന്റ് ചെയ്യുന്നതിനും, അവ ഷൂട്ട് ചെയ്ത് എഡിറ്റ് ചെയ്ത് സൂക്ഷിക്കുന്നതിനും ഭാവിയിലേക്ക് ആവശ്യത്തിനുള്ള ദൃശ്യശേഖരം ഉണ്ടാക്കുന്നതിനും ഇത് ഉപകരിക്കുന്നുണ്ട്. ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധ അവസരങ്ങളിൽ ബോർഡിന്റെയും സർക്കാരിന്റെയും നിർദ്ദേശപ്രകാരം ഡോക്യുമെന്ററികൾ നിർമ്മിച്ച് വിവിധ വേദികളിൽ പ്രദർശിപ്പിക്കാൻ ഇതുമൂലം കഴിയുന്നുണ്ട്.

എപ്പിസോഡുകളുടെ ചിത്രീകരണം, തിരക്കഥ, ശബ്ദ സന്നിവേശം, ചിത്ര സംയോജനം, സംഗീതം, ഗ്രാഫിക്സ് തുടങ്ങിയ വിവിധ പ്രവൃത്തികൾ പരമാവധി ചെലവ് കുറച്ച് കെ.എസ്.ഇ.ബി.എൽ.ന് തന്നെ നേരിട്ട് നടത്താവുന്നതാണ്. നിലവിൽ ഇത്തരം ജോലികൾ പി.ആർ.ഡി.യിൽ ചെയ്തുകൊണ്ടിരിക്കുന്ന തൃശ്ശൂർ ജനറേഷൻ സർക്കിളിലെ സബ് എൻജിനീയറായ ശ്രീ. എസ്. സുബാഷിനെ തന്നെ വിഷൽ മീഡിയ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്താവുന്നതുമാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കേണ്ടതിന്റെ ഭാഗമായി ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, കൈരളി ചാനൽ, 24 ന്യൂസ് എന്നീ ചാനലുകൾ മുഖേന മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ ഓരോ ചാനലിലും മാറിമാറി സംപ്രേഷണം ചെയ്യുന്നതിനായി 42,50,000/- രൂപ (നാൽപ്പത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) (ജി.എസ്.ടി. പുറമെ)-യും, എപ്പിസോഡുകളുടെ ചിത്രീകരണത്തിനും, നേരത്തെ ടെലികാസ്റ്റ് ചെയ്ത എപ്പിസോഡുകളുടെ റീ-

എപ്പിസോഡുകളുടെ നിർമ്മാണത്തോടനുബന്ധിച്ച് ചിത്രീകരണവും മറ്റ് സാങ്കേതിക പ്രവർത്തികളും നടത്തുന്നതിനായി ആവശ്യാനുസരണം ഇപ്പോൾ ചെയ്യുന്നതുപോലെ തുക മുൻകൂറായി എടുത്ത് ചെലവഴിക്കാൻ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.

മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസർ സൂചന (2) പ്രകാരം സമർപ്പിച്ച കുറിപ്പിന്റെ അടിസ്ഥാനത്തിൽ, 22.05.2020-ൽ ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കേണ്ടതിന്റെ ഭാഗമായി ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, കൈരളി ചാനൽ, 24 ന്യൂസ് എന്നീ ചാനലുകൾ മുഖേന മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ ഓരോ ചാനലിലും മാറിമാറി സംപ്രേഷണം ചെയ്യുന്നതിനായി 42,50,000/- രൂപ (നാൽപ്പത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) (ജി.എസ്.ടി. പുറമെ)-യും, എപ്പിസോഡുകളുടെ ചിത്രീകരണത്തിനും, നേരത്തെ ടെലികാസ്റ്റ് ചെയ്ത എപ്പിസോഡുകളുടെ റീ-ഡ്രാഫ്റ്റിംഗിനായി 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം)-യും അനുവദിച്ചു.

2) മേൽ പരാമർശിച്ച തുകയിൽ നിന്ന് സംപ്രേഷണ ഫീസ് ചാനലുകൾക്ക് മുൻകൂറായി നൽകി സ്ലോട്ട് ഉറപ്പ് വരുത്തുന്നതിനും, എപ്പിസോഡുകളുടെ നിർമ്മാണത്തോടനുബന്ധിച്ച് ചിത്രീകരണവും മറ്റ് സാങ്കേതിക പ്രവൃത്തികളും നടത്തുന്നതിനായി ആവശ്യാനുസരണം നിലവിൽ ചെയ്യുന്നതുപോലെ തുക മുൻകൂറായി എടുത്ത് ചെലവഴിക്കാൻ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും എപ്പിസോഡുകളുടെ ചിത്രീകരണവും മറ്റ് സാങ്കേതിക ജോലികളുടെ സംവിധാനവും നിർവഹിക്കുന്നതിന് ഇപ്പോൾ ഈ പ്രവൃത്തി നിർവഹിക്കുന്ന തൃശ്ശൂർ ജനറേഷൻ സർക്കിളിലെ സബ് എൻജിനീയറായ ശ്രീ. എസ്. സുബാഷിന്റെ സേവനം വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററായി തുടർന്നും ലഭ്യമാക്കുന്നതിനും അനുമതി നൽകി.

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

**ഫുൾടൈം ഡയറക്ടർ ബോർഡിന്റെ**
**ഉത്തരവിൻ പ്രകാരം**
**ഒപ്പ്/-**
**ലേഖ ജി**
**കമ്പനി സെക്രട്ടറി ഇൻചാർജ്ജ്**

സ്വീകർത്താവ് : ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ സെക്രട്ടറിയുടെ(ഭരണം) /ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ഐ.റ്റി)/എ.ജി./ലീഗൽ ലെയ്സൺ ഓഫീസർ/ഫയൽ/ കരുതൽ ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സീനിയർ സൂപ്രണ്ട്**